ചെറുകഥ

# പെരുന്നാൾ പുടവ

അമീനാ ഖുത്തുബ്

**സൂര്യൻ** അലസമായി പടിഞ്ഞാറൻ ചക്രവാളത്തിലേക്ക് നീങ്ങിത്തുടങ്ങിയിരിക്കുന്നു. ഉഗ്രമായ രശ്മികളുടെ ശക്തി ഇനിയും വളരെയൊന്നും ക്ഷയിച്ചിട്ടില്ല.

അബ്ദുത്തവ്വാബ് ശിരസ്സുയർത്തി നാലുപാടും ഒന്നു നോക്കി, പെട്ടെന്നു വന്നു ചാടിയേക്കാവുന്ന ഏതോ അപകടം പ്രതീക്ഷിച്ചിട്ടെന്നപോലെ. ക്ഷീണിച്ചു തളർന്ന ആ ശരീരം വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. അയാൾ മണ്ണു വെട്ടുന്ന തൂമ്പയിൽ ചാരി അൽപനേരം നിവർന്നു നിന്നു.

ഇത്രയും ഭാരിച്ച ജോലി ചെയ്യാൻ മാത്രം ആരോഗ്യമുള്ളതുകൊണ്ടല്ല. മറ്റെന്ത് ചെയ്യും? രണ്ടാഴ്ചയായി പനി പിടിച്ചു കിടപ്പിലായിരുന്നു. അന്ന് കിട്ടാവുന്നിടത്തോളം സംഖ്യ കൂട്ടുകാരിൽനിന്ന് കടം വാങ്ങിയിട്ടുണ്ട്. ഇനി കടം കിട്ടാൻ പോലും വഴിയില്ല. പിന്നെ ജോലി ചെയ്യുകയല്ലാതെ മറ്റെന്ത് ചെയ്യും? ഒരാഴ്ചകൂടി വിശ്രമിക്കണമെന്നാണ് ഡോക്ടറുടെ നിർദേശം.ഒരാഴ്ച വിശ്രമിച്ചാൽ ഭക്ഷണം തരുന്നത് ആര്? മരുന്നു വാങ്ങണം. സാമാന്യം വലിയ ഒരു കുടുംബത്തെ പുലർത്തണം. കടം വീട്ടണം. ക്ഷീണമാണെന്നു പറഞ്ഞ് വീട്ടിലിരുന്നാൽ ഇതെല്ലാം ആര് നിർവഹിക്കും?

അതാ, വടിയും ചുഴറ്റി ആ മനുഷ്യൻ വരുന്നു. മേസ്ത്രി! ദൂരെ നിന്നു നോക്കുമ്പോൾ ഒരാൾ കാലിപ്പറ്റത്തെ ആട്ടിത്തെളിച്ചു വരികയാണെന്നേ തോന്നൂ. അബ്ദുത്തവ്വാബ് ഉടനെ ജോലിയിൽ വ്യാപൃതനായി. രണ്ടുനിമിഷം മുതുക് നിവർത്തി വിശ്രമിക്കാൻ മോഹമില്ലാത്തതുകൊണ്ടല്ല, ക്രൂരനായ ആ മേസ്ത്രിയുടെ കണ്ണിൽപെട്ടാൽ ഉള്ള ജോലിയുംകൂടി നഷ്ടപ്പെടും. അബ്ദുത്തവ്വാബ് തന്റെ വിധിയെ പഴിച്ചുകൊണ്ട് വീണ്ടും കുനിഞ്ഞു നിന്ന് മണ്ണു വെട്ടാൻ തുടങ്ങി.

പെട്ടെന്ന് തോട്ടത്തിൽ ആകപ്പാടെ ഇരുൾവ്യാപിക്കുന്നു. എന്താണ് സംഭവിച്ചതെന്നറിയാതെ അബ്ദുത്തവ്വാബ് ചുറ്റും കണ്ണോടിച്ചു. കനത്ത കാർമേഘങ്ങൾ നാലു ഭാഗത്തുനിന്നും ഉരുണ്ടുകയറുക്കയാണ്. നിമിഷങ്ങൾക്കു മുമ്പ് തെളിഞ്ഞുനിന്നിരുന്ന നീലാകാശം കട്ടിയുള്ള കരിമ്പടം വാരിപ്പുതച്ചപോലെ കാണപ്പെട്ടു. തന്നെ അനുഗ്രഹിക്കാൻ ദൈവം പ്രത്യേകമായി അയച്ചതാണിതെന്നു അബ്ദുത്തവ്വാബിനു തോന്നി.

ഒരുഗ്രൻ മഴയെക്കുറിച്ച് മുന്നറിയിപ്പ് നൽകിക്കൊണ്ട് തണുത്തകാറ്റ് ആ തോട്ടത്തിലെ കൂലിപ്പണിക്കാർക്ക് കുളിർമ്മയേകി കടന്നുപോയി. വിങ്ങിപ്പൊട്ടാറായ ഒരു കൊച്ചുകുട്ടിയുടെ മുഖം പോലെ ആകാശം കനത്തു തുടങ്ങിയിരിക്കുന്നു.

ഉടനെ ജോലിക്കാരെ പിരിച്ചയച്ചില്ലെങ്കിൽ മഴനനഞ്ഞ് ഈ തോട്ടത്തിൽതന്നെ മരിച്ചു വീഴേണ്ടി വരുമെന്ന് ബോധ്യമായ മേസ്ത്രി, ജോലി നിർത്താൻ തൊഴിലാളികളോട് ആഗ്യം കാണിച്ചു. മണിക്കൂറുകൾക്കു മുമ്പ് ജോലിനിർത്താനുള്ള സാഹചര്യമുണ്ടാക്കിയതിൽ മൗനമായി ദൈവത്തെ സ്തുതിച്ചുകൊണ്ട് തൊഴിലാളികൾ തൂമ്പയും ചുമലിലേന്തി നടന്നു. പിന്നാലെ തന്റെ വടിയും ചുഴറ്റിക്കൊണ്ട് മേസ്ത്രിയും; ഒരു കൂട്ടം കാലികളും ഇടയനുമെന്നപോലെ. ഏതാനും ദൂരം നടന്നപ്പോൾ മേസ്ത്രി തന്റെ വീട്ടിലേക്കുള്ള വഴിയിലേക്ക് തിരിഞ്ഞു. തൊഴിലാളികൾക്ക് ആശ്വാസമായി. ഏതോ അജ്ഞാതമായ കനത്ത ബന്ധനത്തിൽനിന്ന് മുക്തമായ പോലെ അവർ ചറപറാ സംസാരിച്ചുതുടങ്ങി. പാരാവാരത്തിലെ തിരമാലകൾ പോലെ പ്രശ്നസങ്കീർണമായ തങ്ങളുടെ ജീവിതത്തിന്റെ തീരാത്ത യാതനകൾ പരസ്പരം അറിയിച്ചുകൊണ്ടെങ്കിലും ആശ്വസിക്കുകയായിരുന്നു അവർ. നിത്യവും അവരുടെ സമ്പ്രദായമാണത്. ആർക്കും ആരേയും കാര്യമായൊന്നും സഹായിക്കാൻ സാധ്യമല്ല. എന്നാലും കാര്യവും കളിയും കലർന്ന ആ സംസാരം അവർക്ക് ആനന്ദവും ആശ്വാസവും പകർന്നുകൊടുക്കുന്നു.

എസ്റ്റേറ്റ് മുതലാളിയുടെ 'കനകക്കുന്നു കൊട്ടാര' ത്തിന്റെ മുമ്പിലൂടെയാണവർക്ക് കടന്നുപോകേണ്ടത്. മുതലാളിയുടെ നിരവധി സുഖവാസ കേന്ദ്രങ്ങളിലൊന്നായ ആ കൊട്ടാരം എല്ലാ രാവിലെയും വൈകുന്നേരവും അവരെ നോക്കി മൂകമായ ഭാഷയിൽ പരിഹസിക്കാറുണ്ട്.അന്നും കൊട്ടാരത്തിന്റെ മുമ്പിലെത്തിയപ്പോൾ അവർ സംസാരം നിർത്തി. ആദരവാണോ അമർഷമാണോ അതിനു കാരണമെന്നു അറിഞ്ഞുകൂടാ. അവിടെയെത്തുമ്പോൾ അറിയാതെ സംസാരം നിന്നുപോകുന്നു. പതിവുപോലെ വിജനമായ ആ കൊട്ടാരത്തിന്റെ ശില്പ ഭംഗിയിലേക്ക് അലസമായി കണ്ണോടിച്ചുകൊണ്ട് അവർ വീണ്ടും തങ്ങളുടെ പ്രശ്നങ്ങളിലേക്ക് തിരിച്ചു വന്നു.

നടപ്പാത അവസാനിക്കുന്നേടത്ത് കൊച്ചുകൊച്ചു കുടിലുകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. ക്ഷീണിച്ചു തളർന്ന കൈകാലുകൾ ഒന്നടക്കിവെച്ചു അല്പം വിശ്രമിക്കാനുള്ള വെമ്പലോടെ കൂട്ടുകാർ ഒന്നൊന്നായി യാത്ര പറഞ്ഞുപിരിഞ്ഞപ്പോൾ അബ്ദുത്തവ്വാബ് ഒറ്റക്കായി.

ചേരിയുടെ അങ്ങേയറ്റത്തായിരുന്നു അയാളുടെ കുടിൽ. അല്പം ധൃതിയിൽ അയാളും നടന്നു നീങ്ങി.

കൂട്ടുകാർ പിരിഞ്ഞപ്പോൾ അണ മുറിഞ്ഞ പുഴവെള്ളം പോലെ ചിന്തകൾ അബ്ദുത്തവ്വാബിന്റെ മനസ്സിലേക്കു പാഞ്ഞുകയറി. രോഗിയായി കിടപ്പിലായിരുന്നപ്പോൾ പരിചയക്കാരിൽ നിന്നു വാങ്ങിക്കൂട്ടിയ കടം വലിയ ഒരു കടമ്പ പോലെ മുമ്പിൽ ഉയർന്നു നിൽക്കുന്നു. സൂര്യൻ ഉദിക്കുന്നതു മുതൽ അസ്തമിക്കുന്നതുവരെ ചോര നീരാക്കി പണിയെടുത്താൽ കയ്യിൽ കിട്ടുന്നത് 5 ഖിർശാ* ണ്. അതാണെങ്കിൽ തന്റെയും കുടുംബത്തിന്റെയും നിത്യവൃത്തിക്ക്പോലും മതിയാവില്ല. ഭാര്യയും നാലു കുട്ടികളും. മൂത്ത മകൾക്ക് 14 വയസ്സ് പ്രായമായി. കിട്ടുന്ന കൂലികൊണ്ട് ഭക്ഷണ സാധനങ്ങൾ വാങ്ങാൻ തന്നെ തികയുന്നില്ല. പിന്നെ വസ്ത്രം വേണം. മരുന്നു വേണം, ചോർന്നു ഒലിക്കുന്ന പുര മേയണം, കുട്ടികൾക്ക് പുസ്തകങ്ങൾ വാങ്ങണം. ...പുറമെ ഇപ്പോഴിതാ ഭീമമായ ഒരു സംഖ്യ കടവും. പെരുന്നാളിന് ഇനി ദിവസങ്ങളേയുള്ളൂ. അന്നേക്ക് പുതിയ വസ്ത്രങ്ങൾ കിട്ടുമെന്നു കരുതി കാത്തിരിക്കയാണ് കുട്ടികൾ. വീട്ടിലേക്ക് കയറിയാൽ അവർ ആദ്യം അന്വേഷിക്കുന്നത് അതാണ്. നാളെ നാളെ എന്നു പറഞ്ഞു അവരെ ഇത്രയും ദിവസം പിടിച്ചു നിർത്തി. ഇനി എന്തു പറയും? ഉടുത്ത വസ്ത്രങ്ങളെല്ലാം കീറിപ്പറിഞ്ഞിരിക്കുന്നു. ഭാര്യയുടെ സാമർത്ഥ്യം കൊണ്ടു മാത്രമാണ് ഇത്രയും നാൾ അവ ഉടുത്തു നടക്കാൻ സാധിച്ചത്. ഇനിയോ?.....കടക്കാരോട് എന്തു പറയും?.....

ഓർക്കുന്തോറും അബ്ദുത്തവ്വാബിന്റെ വിഷമം വർധിച്ചു വന്നു. ലോകത്തോടുമുഴുവൻ അയാൾക്ക് വെറുപ്പു തോന്നി. ആകാശത്തിനു കീഴിൽ തന്റെ അഭയകേന്ദ്രമായിരുന്ന സ്വന്തം കുടിലിലേക്ക് പോകാൻ പോലും അയാൾക്ക് ഭയമാണ് തോന്നിയത്. കടക്കാരെ പോലെ തന്നെ സ്വന്തം ഭാര്യയേയും മക്കളേയും ഭയപ്പെടേണ്ടി വന്നിരിക്കുന്നു. നടന്നു നടന്നു വീടിന്റെ അടുത്തെത്തിയപ്പോൾ അബ്ദുത്തവ്വാബ് ഒരു നിമിഷം ചിന്തിച്ചു നിന്നു. കുട്ടികൾ കൂട്ടുകാരോടൊപ്പം കളിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ ദൈന്യതയും നിഷ്കളങ്കതയും അദ്ദേഹത്തെ നൊമ്പരപ്പെടുത്തി. എങ്കിലും അവരുടെ ദൃഷ്ടിയിൽ പെടാതെ അകത്തു കയറാൻ ശ്രമിക്കുകയായിരുന്നു അയാൾ. അപ്പോഴേക്കും ഒരാൾ അതു കണ്ടുപിടിച്ചു. അവൻ ഉപ്പാ എന്നാർത്തു വിളിച്ചുകൊണ്ടോടിയെത്തി. പിന്നാലെ മറ്റുള്ളവരും.

അവർക്ക് ആദ്യം പറയാനുണ്ടായിരുന്നത് പെരുന്നാളിനെക്കുറിച്ചും പുതുവസ്ത്രത്തെക്കുറിച്ചുമല്ല. അവരുടെ മാതാവ് എവിടെനിന്നോ സമ്പാദിച്ചു കൊണ്ടു വന്ന മാംസാഹാരത്തെക്കുറിച്ചായിരുന്നു. അവരെ സംബന്ധിച്ചേടത്തോളം മാംസം പുതുവസ്ത്രത്തെക്കാൾ പ്രധാനമായതിനാൽ അവർക്ക് പെരുന്നാൾ പോലെയാണ് തോന്നിയത്. അവരാ സന്തോഷം മറച്ചുവെക്കാതെ പിതാവിന്റെ മുമ്പിൽ പ്രകടിപ്പിക്കുകയും ചെയ്തു.

അബ്ദുത്തവാബിനു അല്പം മനസ്സമാധാനം തോന്നി. പ്രശ്നങ്ങളെല്ലാം മറന്നുകൊണ്ട് അവർ ഹൃദ്യമായി ഭക്ഷണം കഴിച്ചു. പിന്നീട് വീടിന്റെ മുൻവശത്തിരുന്ന് പെരുന്നാളിന്റെ മുമ്പ് ഒരു പെരുന്നാളുണ്ടാക്കിയ ആ മാംസാഹാരത്തിന്റെ കഥ ഭർത്താവിന് പറഞ്ഞു കൊടുക്കുകയായിരുന്നു ഭാര്യ. പെട്ടെന്ന് അയാളുടെ രണ്ടു കൂട്ടുകാർ അവിടെ കയറിവന്നു. അടുത്തടുത്തു താമസിക്കുന്നവരാണ് എല്ലാവരും. ജോലി കഴിഞ്ഞ് വല്ലതും അകത്താക്കിയാൽ ഇങ്ങനെ ഏതെങ്കിലുമൊരു കുടിലിൽ പലപ്പോഴും അവർ സമ്മേളിക്കാറുണ്ട്. തങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ച് വെറുതെ കുറച്ചു സമയം സംസാരിച്ചുകൊണ്ടിരിക്കുക എന്നതിൽ കവിഞ്ഞു അതുകൊണ്ടു ഉദ്ദേശ്യമൊന്നുമില്ല.

പതിവുപോലെ അവർ കയറി വന്നപ്പോൾ വീട്ടുകാർ അകത്തേക്കു വലിഞ്ഞു. ജോലിസ്ഥലത്ത് നടന്ന ചില തമാശകളിൽനിന്ന് തുടങ്ങിയ സംസാരം മുതലാളിയിലും മാനേജറിലും മേസ്ത്രിയിലും അവരെ ഉപചാരപൂർവം സേവിച്ചുകൊണ്ടിരിക്കുന്ന പാവങ്ങളിലുമെല്ലാം ചെന്നെത്തി. ആരേയും ഭയപ്പെടാനില്ലാതിരുന്നതിനാൽ ഒന്നും മറച്ചുവെക്കാതെ ഉള്ളുതുറന്നുകൊണ്ടായിരുന്നു സംസാരം. തങ്ങളുടെ മേലാളന്മാരെയും മുതലാളിമാരേയും കുറിച്ച് അവർ ശക്തിയായ ഭാഷയിൽ തെറിപറഞ്ഞുകൊണ്ടിരുന്നു. ഉള്ളിൽ അമർത്തിവെച്ച വിദ്വേഷത്തിന്റെ പ്രകടനമായിരുന്നു അത്.

പെട്ടെന്ന് പുറത്ത് ഒരു ശബ്ദം! എല്ലാവരും സംസാരം നിർത്തി. പുറത്തു നിന്ന് വീണ്ടും ശബ്ദം ഉയർന്നു. സുപരിചിതമായ ആ പരുക്കൻ ശബ്ദം! മേസ്ത്രി! അവരാകെ പരിഭ്രമിച്ചു പോയി. അടിവയറ്റിൽ ഒരു കാളൽ! ശ്വാസം നിന്നു പോയതുപോലെ. ക്രൂരനായ ആ മനുഷ്യൻ തങ്ങളുടെ സംസാരം കേട്ടിരിക്കുമോ? അതുകേൾക്കാൻ തന്നെയായിരിക്കുമോ ഈ കൂരിരുട്ടിൽ അയാൾ പതുങ്ങിവന്നത്? കേട്ടതിന്റെ പത്തിരട്ടി അയാൾ മാനേജരോടും മുതലാളിയോടും പറഞ്ഞുകൊടുക്കും. ഓർത്തപ്പോൾ ആകെക്കൂടി ഒരു വെപ്രാളം. ഒരു നിമിഷം എന്താണ് ചെയ്യേണ്ടതെന്നറിയാതെ വിഷമിച്ചു. അവസാനം അബ്ദുത്തവ്വാബ് ഇറങ്ങിച്ചെന്ന് അയാളെ ആദരവോടെ അകത്തേക്കു ക്ഷണിച്ചു.

"ങ്ഹാ, നിങ്ങളെല്ലാവരും ഇവിടെയുണ്ടോ? നന്നായി. ഞാൻ ഒരു പ്രധാന കാര്യം പറയാൻ വന്നതായിരുന്നു. ഒന്നിച്ചു കണ്ടത് വലിയ ഖൈറായി". മേസ്ത്രി അബ്ദുത്തവ്വാബിന്റെ കൂട്ടുകാരെ നോക്കി പറഞ്ഞു. അയാൾ അവരുടെ സംസാരം കേട്ടിട്ടില്ലെന്ന് ആ മുഖഭാവം വിളിച്ചു പറയുന്നുണ്ടായിരുന്നു. അതുകണ്ടപ്പോഴാണ് അവരുടെ ഹൃദയത്തിന്റെ മിടിപ്പ് ശാന്തമായത്.

" എന്താണാവോ കാര്യം." അബ്ദുത്തവ്വാബ് നേരെ വിഷയത്തിലേക്ക് കടന്നു.

"കാര്യം മറ്റൊന്നുമല്ല. നമ്മുടെ മുതലാളി 'ബെക്കും' ഭാര്യയും കൂടി പെരുന്നാളിന് എസ്റ്റേറ്റിൽ വരുന്നുണ്ട്. മാനേജർ ഇപ്പോഴാണ് വിവരം പറഞ്ഞയച്ചത്. തോട്ടത്തിലെ ജോലിയാണെങ്കിൽ ഇനിയും ഒരു പാട് തീരാനുണ്ട്. അതുകണ്ടാൽ മുതലാളിക്ക് ദേഷ്യം വരും. അപ്പോൾ നിങ്ങൾ എല്ലാവരും കൂടി ഒന്നൊരുങ്ങണം. പെരുന്നാളിന്റെ രണ്ടുദിവസം മുമ്പു അദ്ദേഹം ഇവിടെയെത്തും. അപ്പോഴേക്കും എല്ലാ ജോലിയും തീർന്നിരിക്കണം. എന്നാലേ മുതലാളിയുടെ മുഖം തെളിയുള്ളൂ. എന്താ?'' മേസ്ത്രി അവരുടെ മുഖത്തേക്കു നോക്കി.

"....................."

"എന്നാൽ അങ്ങനെ. ഞാൻ ഇറങ്ങട്ടെ" ഉത്തരം കിട്ടിയില്ലെങ്കിലും കിട്ടിയെന്നു ഭാവിച്ചു അയാൾ ഇറങ്ങി നടന്നു. മേസ്ത്രി ദൃഷ്ടിയിൽനിന്നു മാഞ്ഞപ്പോൾ പല്ലുകടിച്ചു ഓരോരുത്തരും അയാളെ ശകാരിച്ചുകൊണ്ടിരുന്നു.

ആ നിഷ്ഠുര ഹൃദയനെ അരച്ചു കുടിക്കാൻ മാത്രം അമർഷമുണ്ടായിരുന്നു അവർക്ക്.

"ഇപ്പോൾ തന്നെ ഉദയം മുതൽ അസ്തമയം വരെ ജോലിചെയ്യുന്നുണ്ട്.

ഇനി ഒന്നുകൂടി ഒരുങ്ങണമെത്രെ മുതലാളിയെ പ്രീതിപ്പെടുത്താൻ!"

"മുതലാളിക്ക് സുഖിക്കാനാണ് ഇന്നുവരെയും ചോരനീരാക്കിയത്. എന്നിട്ടും മതിയായില്ലത്രെ. !"

"മേസ്ത്രിയുടെ മുഖത്തുനോക്കി ഒരാട്ടുവെച്ചുകൊടുക്കാൻ തോന്നിയതാണ്. പലതും വിചാരിച്ചു ചെയ്തില്ലെന്നു മാത്രം......."

ഇങ്ങനെ ഓരോരുത്തരും അവരുടെ അമർഷം പ്രകടിപ്പിച്ചുകൊണ്ട് ഇറങ്ങിപ്പോയി.

കൂട്ടുകാരെല്ലാം പിരിഞ്ഞുപോയിട്ടും അബ്ദുത്തവ്വാബ് അവിടെത്തന്നെയിരുന്നു ചിന്തിക്കയായിരുന്നു. കോളുപിടിച്ച ഈ കടലിൽനിന്ന് ഒന്നു കയരാൻ എന്തുണ്ട് മാർഗം? സാധാരണപോലെ ജോലിചെയ്യാൻ തന്നെ ഇപ്പോൾ സാധിക്കുന്നില്ല. എന്നിട്ടല്ലേ കൂടുതൽ ചെയ്യുന്നത്! തന്റെ അവശതയെക്കുറിച്ച് ആ മനുഷ്യനോട് തുറന്നു പറയാനും വയ്യ. പറഞ്ഞാൽ ജോലിയിൽനിന്ന് പിരിച്ചുവിടും. അവക്ക് മനുഷ്യനല്ല; ജോലിയാണ് പ്രധാനം. ജോലിചെയ്യുന്ന മനുഷ്യനെ ഭാരം ചുമക്കുന്ന കഴുതകളെപ്പോലെ മാത്രമേ അവക്ക് കാണാൻ കഴിയൂ. മനുഷ്യത്വമില്ലാത്ത ജന്തുക്കൾ!!

തികട്ടി വന്ന ദേഷ്യം കടിച്ചമർത്തിക്കൊണ്ട് അബ്ദുത്തവ്വാബ് ഉറങ്ങാൻ അകത്തേക്കു പോയി. ചിമ്മിനി വിളക്ക് കണ്ണുചിമ്മി തുടങ്ങിയിരിക്കുന്നു. അതിന്റെ മങ്ങിയ വെളിച്ചത്തിൽ തന്റെ അരുമ സന്താനങ്ങൾ തിണ്ണയിൽ കട്ടപിടിച്ചുകിടക്കുന്നത് അയാൾ കണ്ടു. കീറിയ കുറേ ചാക്കിൻ കഷ്ണങ്ങളാണ് അടിയിൽ വിരിച്ചിരിക്കുന്നത്; പുതക്കാൻ കീറിയതുപോലുമില്ല. നേരം പുലർന്നാൽ അവർ വീണ്ടും പുത്തൻ തുണിയെപ്പറ്റി ഓർമിപ്പിക്കും......പെരുന്നാൾ.....

അബ്ദുത്തവ്വാബിന്റെ കണ്ണുകൾ നിറഞ്ഞു. തൊണ്ട വരണ്ടു. ശരീരവും മനസ്സും ഒരുപോലെ ക്ഷീണിച്ച ആ പാവം മനുഷ്യൻ അസ്പഷ്ടമായി ദൈവമേ എന്ന് വിളിച്ചുകൊണ്ട് താഴെ വിരിച്ച പായയിലേക്ക് ചാഞ്ഞു. കണ്ണുകൾ അടച്ചു ഉറങ്ങാൻ ശ്രമിക്കുന്തോറും ചിന്തകൾ തള്ളിത്തള്ളി വരികയാണ്. കുട്ടികളുടെ പെരുന്നാൾ ഉടുപ്പുകൾ! അവരുടെ ദയനീയ ചിത്രങ്ങൾ! കൂട്ടുകാരുടെ കടങ്ങൾ! എല്ലാം വീണ്ടും മനസ്സിനെ കുത്തിക്കീറുന്നു.

അസ്വസ്ഥനായി ഇങ്ങനെ കിടക്കുമ്പോൾ പെട്ടെന്ന് അബ്ദുത്തവ്വാബിന് ഒരാശയം മനസ്സിലുദിച്ചു. മുതലാളി ബെക്കിന്റെ പുതിയ ഭാര്യ ഉയർന്ന തറവാട്ടുകാരിയും ഉദാരശീലയുമാണെന്ന് കേട്ടിട്ടുണ്ട്. അവർ വരുമ്പോൾ സ്വീകരിക്കാൻ തന്റെ മക്കളെയും അയക്കുക. അവരുടെ കീറിപ്പറിഞ്ഞ വസ്ത്രങ്ങളും ദയനീയ ഭാവങ്ങളും കാണുമ്പോൾ ആ മഹതിക്കെങ്കിലും അലിവ് തോന്നാതിരിക്കില്ല. ഉള്ളറിഞ്ഞ് വല്ല സംഖ്യയും പെരുന്നാൾ പണമായി നൽകിയാൽ അവർക്ക് വസ്ത്രമെങ്കിലും വാങ്ങാമല്ലോ. അതോർത്തപ്പോൾ ആ ചൂടുപിടിച്ച മനസ്സിന് അല്പം തണുപ്പുതോന്നി. തന്റെ അരുമ സന്താനങ്ങൾ പുതുവസ്ത്രം ധരിച്ചുകൊണ്ട് തുള്ളിച്ചാടി നടക്കുന്നത് മനസ്സിൽ കണ്ട് അയാൾ ഉറങ്ങി.

പ്രഭാതത്തിൽ അബ്ദുത്തവ്വാബ് ആദ്യമായി ഭാര്യയേയും മക്കളെയും അറിയിച്ച കാര്യം അതായിരുന്നു. മക്കൾ അതുകേൾക്കേണ്ട താമസം, സന്തോഷംകൊണ്ട് തുള്ളിച്ചാടി. വരാൻ പോകുന്ന സുദിനത്തിന്റെ വിശദാംശങ്ങളെക്കുറിച്ച് ഭാവിച്ചു പറഞ്ഞുകൊണ്ടവർ ശണ്ഠകൂടി. വലിയൊരു പ്രശ്നം താൽക്കാലികമായെങ്കിലും പരിഹരിക്കപ്പെട്ടതിൽ അകം നിറയെ സന്തോഷിക്കുകയായിരുന്നു അബ്ദുത്തവ്വാബ്.

അന്ന് പതിവിലും നേരത്തെ ഉറക്കമുണർന്ന ആ കുഞ്ഞുങ്ങൾ ബെക്കിന്റെ ബംഗ്ലാവിനു ചുറ്റും മറ്റു കൂട്ടുകാരോടൊപ്പം മുതലാളിയെയും ഭാര്യയേയും പ്രതീക്ഷിച്ച് കാത്തിരുന്നു. അകലെ നിന്ന് കാറിന്റെ ഹോൺ കേൾക്കേണ്ട താമസം, എല്ലാവരും കൂടി ഗേറ്റിന്റെ അരികിലേക്ക് ഓടി. അബ്ദുത്തവ്വാബിന്റെ മക്കളായിരുന്നു ഏറ്റവും മുമ്പിൽ. എത്ര മോഹനമായ പ്രതീക്ഷകളാണ് ആ കുരുന്നു മനസ്സുകളിൽ! ഈ നിമിഷവും പ്രതീക്ഷിച്ച് അവർ തള്ളിനീക്കിയ ദിവസങ്ങളുടെയും മണിക്കൂറുകളുടെയും നീളം അവർക്ക് മാത്രമേ അറിഞ്ഞുകൂടൂ. എന്നിട്ടിപ്പോൾ അവസാന സമയത്ത് മറ്റാരെങ്കിലും മുമ്പിൽ കടക്കുന്നത് അവരെങ്ങനെ സഹിക്കും? ഉന്തിയും തള്ളിയും അവർ തന്നെ മുമ്പിൽവന്നു നിന്നു. നീലഛായം തേച്ച അതിസുന്ദരമായ ഒരു വലിയ കാർ. നേരിയ ഒരു ചൂളം വിളിയോടുകൂടി സാവധാനത്തിൽ ഗേറ്റിന്റെ മുമ്പിൽ വന്നുനിന്നു. ബെക്കിന്റെ പത്നി തന്നെയാണ് ആദ്യം പുറത്തിറങ്ങിയത്. പളപളാമിന്നുന്ന പട്ടു വസ്ത്രങ്ങൾ. കഴുത്തിൽ ഒരു രോമത്തൂവാല ചുറ്റികെട്ടിയിരിക്കുന്നു. അബ്ദുത്തവ്വാബിന്റെ കുട്ടികൾ അപ്പോഴേക്കും അടുത്തെത്തിക്കഴിഞ്ഞിരുന്നു. മൂത്ത പെൺകുട്ടി പുഞ്ചിരിപൊഴിച്ചുകൊണ്ട് സലാം പറഞ്ഞ് കൈ നീട്ടി.

"ഛെ, വൃത്തികെട്ട ജന്തുക്കൾ. മാറിനിൽക്ക്."

തന്നെ സ്വീകരിക്കാൻ വന്ന ആ പെൺകുട്ടിയെ നോക്കി അവർ ഒരാട്ടുകൊടുത്തു. തെണ്ടിത്തിരിയുന്ന പട്ടികളെ ആട്ടുന്നപോലെ. എന്നിട്ട് ഭർത്താവിന്റെ നേരെ...

"ഞാൻ ആദ്യമേ പറഞ്ഞില്ലേ. നമുക്ക് മറ്റെവിടെയെങ്കിലും പോവാമെന്ന്. ഈ ഏഴകളുടെ ഇടയിൽകിടന്ന് എങ്ങനെ നമ്മൾ പെരുന്നാൾ ആഘോഷിക്കും?"

"പോട്ടെ ഹാനീ, അവറ്റകൾ കാറ് കാണാൻ വന്നതാണ്. നമുക്ക് അകത്തു കടന്ന് ഗേറ്റ് അടച്ചേക്കാം." ബെക്ക് ഗേറ്റ് അടച്ച് ഭാര്യയുടെ കൈയും പിടിച്ച് അകത്തേക്കു കയറി പോയി.

അബ്ദുത്തവ്വാബിന്റെ മക്കൾ ആട്ടുകേട്ട് പേടിച്ചുപോയി. കൂട്ടത്തിൽ അപമാനവും. ഇനിയും അവിടെ നിന്നാൽ അവർ നിയന്ത്രണം വിട്ട് പൊട്ടിക്കരഞ്ഞുപോകും. അപമാനഭാരവും നിരാശയും അത്രമാത്രം അവരെ തളർത്തിക്കഴിഞ്ഞിരുന്നു. ധൃതിയിൽ അനുജന്മാരുടെ കൈപിടിച്ചു അവൾ വീട്ടിലേക്കു നടന്നു. പെരുന്നാളിന് ഇനിയെങ്ങനെ പുത്തൻ തുണിവാങ്ങു മെന്ന് അനുജന്മാർ ദയനീയമായി വീണ്ടും വീണ്ടും അവളോട് ചോദിക്കുന്നുണ്ടായിരുന്നു. വിങ്ങി വിങ്ങി പൊട്ടാൻ കാത്തുനിൽക്കുന്ന ആ കൊച്ചു മനസ്സിൽ അതിന്നുത്തരമുണ്ടായിരുന്നില്ല. "ഛെ, വൃത്തികെട്ട ജന്തുക്കൾ! മാറിനിൽക്ക്." ആ വാക്കുകൾ വീണ്ടും വീണ്ടും അവളുടെ കാതുകളിൽ അലയടിച്ചുകൊണ്ടിരുന്നു. കനിവറ്റ ലോകം! ഹൃദയമില്ലാത്ത മനുഷ്യർ! മദിമത്തവിത്ത പ്രതാപത്തിനു മുമ്പിൽ മനുഷ്യൻ മനുഷ്യനല്ലാതായി മാറുന്നു!

നിഷ്കളങ്കമായ ആ കവിൾ തടത്തിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ മാറി നിന്നു തുടച്ചു, അനുജന്മാരുടെ കൈപിടിച്ചുകൊണ്ടവൾ വീട്ടിലേക്കു നടന്നു. ഏതോ അജ്ഞാതനായ ഒരു കലാകാരൻ പടിഞ്ഞാറൻ ചക്രവാളത്തിൽ ചുവന്ന ചായം തേക്കുകയായിരുന്നു അപ്പോൾ.

വിവ: അബ്ദുൽ ബഷീർ